**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2945** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഉപജീവന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ബോട്ട്, വല തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രത്യേക ഉപജീവന പാക്കേജ് ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 120 ഗ്രൂപ്പുകൾക്ക് 8 ലക്ഷം രൂപ വീതം ചെലവ് വരുന്ന FRP യൂണിറ്റ് സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. 2 ലക്ഷം രൂപ വിലമതിക്കുന്ന FRP ബോട്ടും 6 ലക്ഷം രൂപ ചെലവിൽ എഞ്ചിനും, വലയും ജീവൻ രക്ഷാ ഉപകരണങ്ങളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. 9.88 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക ഇതിൽ 1.94 കോടി രൂപ ബ്ലൂ റവല്യൂഷൻ പദ്ധതി വിഹിതവും ബാക്കി തുക CMDRF ൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്. കൂടാതെ Replacement of Marine Plywood canoe with FRP എന്ന ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയിൽ 200 FRP യാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്നു. 4.12 കോടി രൂപയാണ് പദ്ധതി തുക. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടു കൂടി 10 ആഴക്കടൽ മത്സ്യബന്ധ ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കു നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയസഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി വഴി മത്സ്യഫെഡ്, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡിയോടു കൂടി പലിശ രഹിത വായ്പ നൽകി വരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ |

| | | | |
|---|---|---|---|
| | | | ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടു കൂടിയുള്ള ടേം വായ്പാ പദ്ധതി വഴി മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകി വരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ Motorization of country crafts –‘ suitable components for fishing gear’ പദ്ധതിയിലുൾപ്പെടുത്തി 10 HP വരെ എഞ്ചിൻ ക്ഷമതയുള്ള യാനങ്ങൾക്ക് വല വാങ്ങുന്നതിന് സബ്സിഡി നൽകി വരുന്നു. 10,000/- രൂപ വരെയാണ് പരമാവധി സബ്സിഡി തുക. നടപ്പ് സാമ്പത്തിക വർഷം 40 ലക്ഷം രൂപയാണ് ടി പദ്ധതിയ്ക്കായി വക കൊള്ളിച്ചിട്ടുള്ളത്. കൂടാതെ 10 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ ഇനത്തിൽ നടപ്പ് വർഷം 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ